**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 744** **10-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗങ്ങളായിട്ടുള്ള സഹകരണ ജീവനക്കാർ എത്രയാണെന്നും ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാന സഹകരണ ജീവനക്കാരുടെ വെൽഫെയർ ബോർഡിൽ 79682 ജീവനക്കാർ അംഗങ്ങളായിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 80(3 എ) പ്രകാരം സഹകരണ അപെക്സ് സ്ഥാപനങ്ങളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും വകുപ്പ് 80(ബി) പ്രകാരം പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിലെ ക്ലാർക്ക് മുതൽ മുകളിലേയ്ക്കുള്ള തസ്തികകൾ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡു വഴിയും ടി സ്ഥാപനങ്ങളിലെ മറ്റുള്ള തസ്തികകളും മറ്റ് സഹകരണ സ്ഥാപനങ്ങളിലെ തസ്തികകളും സഹകരണ സംഘം രജിസ്ട്രാറുടെ മാർഗ്ഗ നിർദ്ദേശത്തിനനുസരണമായി ഔട്ട്സൈഡ് ഏജൻസി വഴി സഹകരണ നിയമം ചട്ടം അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. സഹകരണ സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വരുന്ന സ്ഥിരം ജീവനക്കാർക്ക് ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. |
| (ബി) | നാളിതുവരെയുള്ള കണക്കുകൾ പ്രകാരം ബോർഡിന്റേതായി വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ട ആകെ തുക എത്രയാണെന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ എത്ര കാലത്തേയ്ക്കാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | കേരള ബാങ്ക് സ്റ്റാച്യു ശാഖയിലും, ഇടുക്കി കേരള ബാങ്ക് ചെറുതോണി ബ്രാഞ്ചിലും തൃശൂർ കേരള ബാങ്ക് മെയിൻ ബ്രാഞ്ചിലുമായി 2589615762/- രൂപയുടെ ഒരു വർഷത്തേയ്ക്കുള്ള സ്ഥിര നിക്ഷേപങ്ങൾ ബോർഡിന്റേതായിട്ടുണ്ട്. കേരള ബാങ്കിന്റെ വിവിധ ശാഖകളിലായി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇനത്തിൽ 75485540.95 തുക ബാക്കി നില്പുണ്ട്. |
| (സി) | ബോർഡിന്റെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ തുടങ്ങിയവയ്ക്ക് വാടകയിനത്തിൽ പ്രതിവർഷം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും മുൻ വർഷം പ്രസ്തുത | (സി) | ബോർഡിന്റെ റീജിയണൽ ആഫീസുകൾക്ക് 2023-24സാമ്പത്തിക വർഷം വാടക ഇനത്തിൽ 951000/- രൂപ കൊടുത്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം വാടക ഇനത്തിൽ 928824/- രൂപ ചെലവ് വരുന്നതായി പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | ഇനത്തിലെ ചെലവ് എത്രയായിരുന്നുവെന്നും അറിയിക്കാമോ; | | |
| (ഡി) | 2024-25 സാമ്പത്തിക വർഷം എത്രപേർക്ക് റിസ്ക് ഫണ്ട് വഴി ധനസഹായം നൽകിയിട്ടുണ്ടെന്നും കോട്ടയം ജില്ലയിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും ധനസഹായം നൽകുന്നതിന് മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ? | (ഡി) | 2024-25 സാമ്പത്തിക വർഷം 01.04.2024 മുതൽ 04.02.2025 വരെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മരണാനന്തര ചികിത്സാ ധനസഹായമായി 9,918 വായ്പാക്കാർക്ക് 10,785 വായ്പകളിലായി 100.56 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്.<br><br>കോട്ടയം ജില്ലയിൽ 321 പേർക്ക് 336 വായ്പകളിലായി 4,25,65,667/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം റിസ്ക് ഫണ്ട് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11.10.2022 തീയതിയിലെ സ.ഉ(കൈ) നം. 32/2022/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി തീയതി മുതൽ നൽകുന്ന വായ്പകളിൽ ബോർഡിന്റെ ബൈലാവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിത തുക 0.5 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി 1000/- രൂപയും ആയതിന്റെ 18% ജി.എസ്.റ്റിയും എന്നത് 0.7 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപയും ആയതിന്റെ 18% ജി.എസ്.റ്റിയും എന്നാക്കി ഉയർത്തിയിട്ടുണ്ട്.<br><br>11.10.2022 തീയതി മുതൽ നല്കുന്ന വായ്പകളിൽ മരണാനന്തര ധനസഹായത്തിന്റെ പരമാവധി തുക 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കിയും, ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ എന്നത് 6,00,000/- രൂപയാക്കിയും മാരകരോഗം പിടിപ്പെട്ട വായ്പാക്കാർക്കുള്ള ചികിത്സാ ധനസഹായത്തിന്റെ പരമാവധി തുക 1,00,000/- രൂപയിൽ നിന്നും 1,25,000/- രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ